**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡ് വഴി നിലവിൽ എത്ര രൂപയ്ക്കാണ് മണ്ണെണ്ണ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് 2015 ജൂലൈ മാസം മുതൽ പെർമിറ്റ് അടിസ്ഥാനത്തിൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി വെള്ള മണ്ണെണ്ണ വിതരണം ചെയ്തു വരുന്നു. ആയത് പ്രകാരം നിലവിൽ ലിറ്ററിന് ₹ 100.20/- (05/02/2025 തീയതിയിലെ വില) രൂപയ്ക്കാണ് മണ്ണെണ്ണ മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ കുതിരശക്തിയുടെ (HP) അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25/- രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി മുഖേന) ഓരോ മാസവും സർക്കാർ നൽകി വരുന്നുണ്ട്. |
| (ബി) | 2016 ൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ നിരക്കിലാണ് മത്സ്യഫെഡ് വഴി നൽകിയിരുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | 2016 മെയ് മാസം ലിറ്ററിന് ₹ 56.43/- രൂപ എന്ന നിരക്കിലാണ് മണ്ണെണ്ണ നൽകിയിരുന്നത്. |

സെക്ഷൻ ഓഫീസർ